©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ജനുവരി 7<br>7th January 2020<br>1195 ധനു 22<br>22nd Dhanu 1195<br>1941 പൌഷം 17<br>17th Pousha 1941 | നമ്പർ<br>No. | 1 |

## PART IV

# Private Advertisements and Miscellaneous Notifications

## കാഞ്ഞങ്ങാട് നഗരസഭ

**[കാഞ്ഞങ്ങാട്—അലാമിപള്ളി ബസ് സ്റ്റാന്റ് കം ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളും ഓഫീസ് മുറികളും ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിക്കുന്നതിന് വേണ്ടിയുള്ള ബൈലോ]**

പീഠിക

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 567-ാം വകുപ്പിലെ 34-ാം ഉപവകുപ്പ് 215, 472, 474 എന്നീ വകുപ്പുകളും 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 7-ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കാഞ്ഞങ്ങാട് നഗരസഭ അലാമിപള്ളി ബസ് സ്റ്റാന്റ്-കം-ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, ഓഫീസ് മുറികൾ, സ്റ്റാളുകൾ മറ്റ് അനുബന്ധ സംവിധാനങ്ങൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കരട് ബൈലോ 29-9-2018-ലെ 1-ാം നമ്പർ ധനകാര്യ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 25-10-2018-ലെ ആർ3-9595/18 നമ്പർ നോട്ടീസ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിന് 7 ദിവസത്തെ സമയം നൽകി പ്രസിദ്ധീകരിക്കുകയും നിശ്ചിത ദിവസത്തിനകം യാതൊരു ആക്ഷേപവും അഭിപ്രായവും ലഭ്യമാകാത്ത സാഹചര്യത്തിൽ/ലഭിച്ച അഭിപ്രായവും ആക്ഷേപവും കണക്കിലെടുത്തുകൊണ്ടും 1-3-2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം കാഞ്ഞങ്ങാട് നഗരസഭ അന്തിമമായി അംഗീകരിച്ച 2019-ലെ കാഞ്ഞങ്ങാട് അലാമിപള്ളി ബസ് സ്റ്റാന്റ്-കം-ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, ഓഫീസ് മുറികൾ, സ്റ്റാളുകൾ, മറ്റ് അനുബന്ധ സംവിധാനങ്ങൾ ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിക്കുന്നതിനുവേണ്ടിയുള്ള ബൈലോ.

1. ചുരുക്കപ്പേരും പ്രാരംഭവും

(i) ഈ ബൈലോയെ 2019-ലെ കാഞ്ഞങ്ങാട് ആലാമിപ്പള്ളി ബസ് സ്റ്റാന്റ്-കം-ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, ഓഫീസ് മുറികൾ, സ്റ്റാളുകൾ, മറ്റ് അനുബന്ധ സംവിധാനങ്ങൾ എന്നിവ ലൈസൻസ് ഫീ വ്യവസ്ഥയിൽ നൽകുന്നതിനുള്ള ബൈലോ എന്ന പേര് പറയാം.

(ii) ഈ ബൈലോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ

ഈ ബൈലോയിലെ സന്ദർഭം മറ്റൊരു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം:—

(എ) 'ആക്ട്' എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) എന്ന് അർത്ഥമാകുന്നു.

(ബി) 'സെക്രട്ടറി' എന്നാൽ കാഞ്ഞങ്ങാട് നഗരസസഭാ സെക്രട്ടറി എന്ന് അർത്ഥമാകുന്നു.

(സി) 'മുനിസിപ്പൽ കൗൺസിൽ' എന്നാൽ കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിൽ എന്ന് അർത്ഥമാകുന്നു.

(ഡി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(ഇ) 'ബൈലോകൾ' എന്നാൽ ആക്ടിലെ 567-വകുപ്പ് പ്രകാരം കാഞ്ഞങ്ങാട് നഗരസഭ കൗൺസിൽ ഉണ്ടാക്കുന്ന ബൈലോ എന്ന് അർത്ഥമാകുന്നു.

(എഫ്) 'കടമുറികളും ഓഫീസ് മുറികളും സ്റ്റാളുകളും അനുബന്ധ സൗകര്യങ്ങളും' എന്നാൽ കാഞ്ഞങ്ങാട് നഗരസഭ അലാമിപ്പള്ളി ബസ് സ്റ്റാൻഡ്-കം-ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളും ഓഫീസ് മുറികളും സ്റ്റാളുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും എന്നർത്ഥമാകുന്നു.

(ജി) 'സാമ്പത്തികവർഷം' എന്നാൽ ഏപ്രിൽ 1-ന് ആരംഭിച്ച് അടുത്ത വർഷം മാർച്ച് 31-ന് അവസാനിക്കിന്ന ഒരു വർഷം എന്നർത്ഥമാകുന്നു.

(എച്ച്) 'ലൈസൻസ്' എന്നാൽ 1882-ലെ ഇന്ത്യൻ ഈസ്മെന്റ് ആക്ടിലെ 52-ാം വകുപ്പിൽ ലൈസൻസ് എന്ന വാക്ക് നിർവ്വചിച്ചിരിക്കുന്ന അതേ അർത്ഥത്തിലാകുന്നു.

ഈ ബൈലോയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ബൈലോയിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി നഗരസഭയ്ക്ക് ഭേദഗതികളോ കൂട്ടിച്ചേർക്കലോ വരുത്താവുന്നതാണ്.

(4) ആലാമിപ്പള്ളി ബസ് സ്റ്റാന്റ്-കം-ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ ടെർമിനൽ ബ്ലോക്കിലെ (എ ബ്ലോക്ക്) സ്റ്റാളുകളും ബി (പടിഞ്ഞാറ് ഭാഗം), സി (തെക്ക്-പടിഞ്ഞാറ് ഭാഗം), ഡി (തെക്ക്-കിഴക്ക് ഭാഗം) എന്നീ ബ്ലോക്കുകളിലെ വാണിജ്യ ആവശ്യത്തിനുള്ള മുറികളും ഓഫീസ് മുറികളും ഡോർമെട്രിയും മുൻകൂട്ടി പരസ്യം ചെയ്യുന്നതിനനുസരിച്ച് ടെണ്ടറുകൾ സ്വീകരിച്ചോ പരസ്യ ലേലം നടത്തിയോ കൗൺസിൽ നിജപ്പെടുത്തിയ മിനിമം ഡെപ്പോസിറ്റ് തുകയിൽ ഏറ്റവും കൂടുതൽ തുക ഡെപ്പോസിറ്റ് നൽകുന്നവർക്ക് ടി കെട്ടിടത്തിലെ മുറികൾ പ്രതിമാസ ലൈസൻസ് ഫീ വ്യവസ്ഥയിൽ ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി അനുവദിക്കുന്നതായിരിക്കും.

(5) ആലാമിപ്പള്ളി ബസ് സ്റ്റാന്റ്-കം-ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ ബ്ലോക്കുകളിലെ മുറികൾ, കുറഞ്ഞ ഡെപ്പോസിറ്റ്, പ്രതിമാസ വാടക, നിരതദ്രവ്യം മുതലായവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(6) ഷോപ്പിംഗ് കോംപ്ലക്സിലെ ആകെ മുറികളിൽ 10% പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും 3% ഭിന്നശേഷിക്കാർക്കും 3% വിധവകൾക്കും 4 കടമുറികൾ അർദ്ധ സർക്കാർ/സഹകരണ സ്ഥാപനങ്ങൾക്കും നീക്കിവെയ്ക്കുന്നതും ഇപ്രകാരം അവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളവ പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതുമായിരിക്കും. ഇപ്രകാരം BG12, BG13, CG2 എന്നീ മുറികൾ ഭിന്നശേഷിക്കാർക്കും BG14, BG15, BG16, CG1, CF1, CF2, CF3, CF4, CF5 എന്നീ മുറികൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും CG3, CF6, CF7 എന്നീ മുറികൾ വിധവകൾക്കും DG7, DG8, DG9, DG10 എന്നീ കടമുറികൾ അർദ്ധസർക്കാർ/സഹകരണ സ്ഥാപനങ്ങൾക്കുമായി സംവരണം ചെയ്തിട്ടുള്ളതാണ്. പട്ടികജാതി, പട്ടികവർഗ്ഗം, ഭിന്നശേഷി, വിധവ എന്നിവരിൽ നിന്ന് അപേക്ഷകർ ആരും തന്നെ ഇല്ലാതെ വരുകയാണെങ്കിൽ പ്രസ്തുത വിഭാഗക്കാർക്ക് നീക്കി വെച്ച മുറികൾ പൊതു വിഭാഗക്കാർക്ക് പരസ്യലേലം/ടെണ്ടർ മുഖേന നൽകുന്നതാണ്. എന്നാൽ അടുത്തുണ്ടാകുന്ന ഒഴിവ് ഈ വിഭാഗത്തിൽപ്പെട്ടവർക്കായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംവരണം ചെയ്ത മുറികളുടെ കുറഞ്ഞ ഡെപ്പോസിറ്റ് ഒരു വർഷത്തെ വാടകയായിരിക്കും സംവരണം ചെയ്യപ്പെട്ട മുറികളുടെ ലേലത്തിൽ പങ്കെടുക്കുന്നവർ നഗരസഭാ പരിധിയിലെ സ്ഥിരം താമസക്കാരായിരിക്കണം.

(7) പട്ടികജാതി/പട്ടികവർഗ്ഗക്കാർ തഹസീൽദാർ നൽകിയ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും ഭിന്നശേഷിക്കാർ 40%-വും അതിൽ കൂടുതലും അംഗവൈകല്യം സംബന്ധിച്ച് മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റും വിധവകളായ സ്ത്രീകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ലേല/ടെണ്ടർ സമയത്ത് ഹാജരാക്കേണ്ടതാണ്.

(8) മുറികൾ നിലവിലുള്ള സൗകര്യങ്ങളോടെ ടെണ്ടർ/ലേലം ചെയ്യുന്നതും ആയത് നേരിൽക്കണ്ട് ബോധ്യപ്പെട്ടതിനുശേഷം മാത്രമേ ടെണ്ടർ/ലേലത്തിൽ പങ്കെടുക്കേണ്ടതുള്ളു. ടെണ്ടർ/ലേലത്തിന് ശേഷം കക്ഷിക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിത്തരണമെന്ന് അപേക്ഷിക്കുന്നതിനോ നിലവിലുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് ചോദ്യമോ തർക്കമോ ഉന്നയിക്കുന്നതിനോ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(9) നഗരസഭാ കൗൺസിൽ നിശ്ചയിച്ച മിനിമം ഡെപ്പോസിറ്റ് തുകയിൽ ഏറ്റവും കൂടുതൽ ഡെപ്പോസിറ്റ് തുക ഓഫർ ചെയ്യുന്ന ടെണ്ടർ/ലേലം സാധാരണഗതിയിൽ അംഗീകരിക്കുന്നതാണ്. എന്നാൽ വ്യക്തവും ലിഖിതവുമായ കാരണങ്ങളാൽ ഏത് ടെണ്ടറും/ലേലവും അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ കൗൺസിലിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതുമാണ്.

(10) ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ പേര്, വിലാസം, ഫോട്ടോ എന്നിവയുള്ള തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുമായി കരാർ ലംഘനം നടത്തിയവർ, 18 വയസ് പൂർത്തിയാകാത്തവർ, ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ, മുനിസിപ്പാലിറ്റിയുമായി എന്തെങ്കിലും ബാധ്യതയുള്ളവർ എന്നിവർക്ക് ലേലം/ടെണ്ടറിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കില്ല. മുനിസിപ്പൽ സെക്രട്ടറി ലൈസൻസ് അനുവദിക്കുന്ന ആവശ്യങ്ങൾക്ക് മാത്രമേ മുറികൾ ഉപയോഗിക്കുവാൻ പാടുള്ളു.

(11) ലേലത്തിൽ പങ്കെടുക്കുന്നവർ ഓരോ മുറിയുടെ ലേലത്തിലും മിനിമം ഡെപ്പോസിറ്റ് തുകയുടെ 10 ശതമാനം തുക നിരതദ്രവ്യമായി ലേലം തുടങ്ങുന്നതിന് മുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ടെണ്ടറിനോടൊപ്പം മിനിമം ഡെപ്പോസിറ്റ് തുകയുടെ 10% തുക മുനിസിപ്പൽ സെക്രട്ടറി, കാഞ്ഞങ്ങാട് എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്തിരിക്കണം. ഒരു മുറിക്ക് ടെണ്ടർ നൽകിയ വ്യക്തി ടെണ്ടറിനുപുറമെ ആ മുറിക്ക് തന്നെ ലേലത്തിലും പങ്കെടുക്കുന്നുണ്ടെങ്കിൽ ടെണ്ടറിനോടൊപ്പം സമർപ്പിച്ച ഡിഡിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രസ്താവനയും രേഖാമൂലം നൽകേണ്ടതുണ്ട്. ഒരോ മുറിയുടെയും ലേലം കഴിഞ്ഞാൽ ഉടനെ ആ മുറിയുടെ ടെണ്ടർ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ലേലം വിളിച്ച/ടെണ്ടർ നൽകിയ ആളുടെ ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം ഉടനെ തിരികെ നൽകുന്നതുമായിരിക്കും. ലേലം/ടെണ്ടർ ലഭിക്കുന്ന ആൾ ടെണ്ടർ/ലേല സംഖ്യയുടെ പകുതി തുക അപ്പോൾ തന്നെ ലേല ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. വീഴ്ചവരുത്തുന്നപക്ഷം നിരതദ്രവ്യം നഗരസഭയിൽ മുതൽ കൂട്ടുന്നതും ലേലം കൊണ്ടയാൾക്ക് ടി തുകയിൽ അവകാശം ഇല്ലാത്തുമായിരിക്കും.

(12) ലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ച മുറികൾ ലഭിക്കുന്നവർ അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ലേല സമയത്ത് ഒടുക്കിയ നിരതദ്രവ്യം തുക കഴിച്ച് ബാക്കി ഒടുക്കേണ്ടുന്ന സെക്യൂരിറ്റി തുക മുനിസിപ്പൽ ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടുന്നതാണ്. വീഴ്ച വരുത്തുന്നപക്ഷം മറ്റൊരു അറിയിപ്പില്ലാതെ തന്നെ ടിയാന് അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്ത് ടിയാൻ ഒടുക്കിയ സംഖ്യ നഗരസഭയിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി മുറി പുനർലേലം നടത്തുന്നതുമായിരിക്കും. ടിയാൻ ഒടുക്കിയ തുകയ്ക്ക് അവകാശം ഉന്നയിക്കാൻ ടിയാന് അധികാരം ഉണ്ടായിരിക്കുന്നതല്ല. ലൈസൻസി നഗരസഭയിൽ ഒടുക്കുന്ന ഡെപ്പോസിറ്റ് തുകയ്ക്കോ മറ്റ് തുകൾക്കോ യാതൊരു വിധത്തിലുള്ള പലിശയ്ക്കും അവകാശം ഉണ്ടായിരിക്കുന്നതല്ല.

(13) ലേലം നഗരസഭാ കൗൺസിൽ അംഗീകരിച്ചാൽ, ലേലക്കാരനെ വിവരം അറിയിക്കുന്നതും അറിയിപ്പിൽ പറയുന്ന തീയതി മുതൽ മുറികൾ ഏറ്റു വാങ്ങേണ്ടതുമാണ്. ടി തീയതി മുതൽ ലൈസൻസ് ഫീസ് അടയ്ക്കുന്നതിന് ടിയാൻ ബാദ്ധ്യസ്ഥനുമായിരിക്കും. കൂടാതെ മുറി ഏറ്റെടുക്കുന്നതിന് മുമ്പ് നിശ്ചിത മാതൃകയിൽ നിലവിലുള്ള നിയമം അനുസരിച്ച് നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ ഉടമ്പടി ലേലം കൊണ്ടയാളുടെ സ്വന്തം ചെലവിൽ തയ്യാറാക്കി ഒപ്പുവച്ച് സമർപ്പിക്കേണ്ടതും മറ്റ് അനുബന്ധ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(14) ലേലം കൊണ്ടവകയിൽ അടയ്ക്കേണ്ട എല്ലാവിധ തുകകൾക്കും ലേലക്കാരനും ജാമ്യക്കാരനും ലേലക്കാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കുന്നതാണ്. ടി കോംപ്ലക്സിൽ അനുവദിച്ച മുറികൾ ലൈസൻസി യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്തു കൊടുത്തിട്ടുള്ളതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിക്ക് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ആൾക്ക് കൊടുത്തിട്ടുള്ള ലൈസൻസ് അദ്ദേഹം ഉടൻ ഉത്തരവ് വഴി റദ്ദ് ചെയ്യേണ്ടതും അതാതു സംഗതിപോലെ ആ കെട്ടിടമോ മുറിയോ ഇടമോ ഉപയോഗിക്കുകയും കൈവശം വെച്ചിരിക്കുകയും ചെയ്യുന്ന ആളിനോടോ, ആ ആളോടോ ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഒഴിഞ്ഞു പോകാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണ്.

എന്നാൽ ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഉപയോഗിക്കുന്നയാളേയോ കൈവശക്കാരനെയോ ഒഴിപ്പിക്കുകയും ചെയ്യുന്നതിന് മുമ്പ് സെക്രട്ടറി അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ നോട്ടീസിൽ പറഞ്ഞിരിക്കേണ്ട ന്യായമായ സമയത്തിനുള്ളിൽ കാണിക്കാൻ അയാളോട് ആവശ്യപ്പെട്ടുകൊണ്ട് അയാൾക്ക് നോട്ടീസ് നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള ഉത്തരവ്, അതിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ പാലിച്ചില്ലെങ്കിൽ, സെക്രട്ടറി അങ്ങനെയുള്ള ആളെയോ ആളുകളെയോ ആ കെട്ടിടത്തിൽ നിന്നോ, മുറിയിൽ നിന്നോ, ഇടത്തിൽ നിന്നോ പോലീസ് സഹായത്തോടുകൂടി നീക്കം ചെയ്യുന്നതും ആ കെട്ടിടമോ, മുറിയോ, ഇടമോ അതാത് സംഗതിപോലെ അടച്ചിടേണ്ടതും ആകുന്നു. അതിനെത്തുടർന്ന് ആ പരിസരത്ത് കാണപ്പെടുന്ന എല്ലാ വസ്തുക്കളും മുനിസിപ്പാലിറ്റിയുടെ വകയായിരിക്കുന്നതും അവയെ കൈയ്യൊഴിയേണ്ടതും അതിൽ നിന്നുള്ള വരുമാനം മുനിസിപ്പൽ ഫണ്ടിൽ വരവ് വെയ്ക്കേണ്ടതും ആകുന്നു.

(15) ലൈസൻസിക്ക് മുറി ആവശ്യമില്ലെങ്കിൽ ആ വിവരം അറിയിച്ചുകൊണ്ട് മുനിസിപ്പൽ കൗൺസിലിലേക്ക് മൂന്ന് മാസം മുമ്പേ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ നൽകിയാൽ പോലും ലൈസൻസിയുടെ നടപടി മൂലം നഗരസഭയ്ക്ക് വല്ല നഷ്ടവും സംഭവിക്കുകയാണെങ്കിൽ പ്രസ്തുത നഷ്ടം ലൈസൻസിയിൽ നിന്നും ഈടാക്കുന്ന നടപടി സ്വീകരിക്കുവാൻ മുനിസിപ്പൽ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(16) ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ കൈവശം വയ്ക്കാനുള്ള അവകാശം മാർച്ച് 31-ന് അവസാനിക്കും വിധം പരസ്യം ലേലം മുഖേന ഉറപ്പിക്കുന്ന ലൈസൻസ് ഫീസിന്റെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നത്. ഒരു വർഷത്തിൽ കുറഞ്ഞ കാലത്തേയ്ക്കും മുറികൾ നൽകാൻ നഗരസഭാകൗൺസിലിന് അധികാരമുണ്ടായിരിക്കും.

(17) ലൈസൻസ് കാലാവധിക്കുള്ളിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ ടിയാനിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള സംഖ്യയ്ക്ക് ലൈസൻസിയുടെ സ്ഥാവരമോ, ജംഗമമോ ആയ സ്വത്തുവകകളിൽ നിന്നും കൂടാതെ നിയമാനുസൃതമുള്ള അനന്തരാവകാശിയിൽ നിന്നും ഈടാക്കുവാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ലൈസൻസിയുടെ അനന്തരാവകാശിയുടെ അപേക്ഷ ലഭിക്കുന്ന പക്ഷം നിലവിലുള്ള നിബന്ധനകൾക്കും നിയമങ്ങൾക്കും വിധേയമായി അവകാശികൾക്ക് ലൈസൻസ് കൈമാറ്റം ചെയ്തുകൊടുക്കുന്നതാണ്.ആയതിന്, നിയമാനുസൃത രേഖകൾ സഹിതം ലൈസൻസി മരണപ്പെട്ട തീയതി മുതൽ 90 ദിവസങ്ങൾക്കകം നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ ലഭിച്ചിരിക്കേണ്ടതാണ്. ഇങ്ങനെ ലൈസൻസ് കൈമാറ്റം ലഭിച്ച ആൾ നിശ്ചിത നിരക്കിലുള്ള മുദ്രപത്രത്തിൽ പുതിയ ഉടമ്പടി പത്രം സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അവകാശം നഗരസഭയിൽ നിക്ഷിപ്തമാണ്.

(18) നഗരസഭയ്ക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം 90 ദിവസത്തെ നോട്ടീസ് നൽകി ലൈസൻസ് കാലാവധി തീരുന്നതിന് മുമ്പ് മുറി ഒഴിപ്പിച്ചെടുക്കാവുന്നതും അപ്രകാരം ഒഴിപ്പിക്കപ്പെട്ടാൽ നിയമാനുസൃത ഡെപ്പോസിറ്റ് സംഖ്യ മടക്കി കിട്ടുന്നതിന് ലൈസൻസിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ഒഴിപ്പിക്കപ്പെടുന്നപക്ഷം നഷ്ടപരിഹാരത്തിനോ മറ്റോ ലൈസൻസിയ്ക്ക് അവകാശം ഇല്ലാത്തതുമാണ്.

(19) കൈവശമിരിക്കുന്ന മുറിയുടെ കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ടെലഫോൺ ചാർജ്ജ് തുടങ്ങിയവ ലൈസൻസി സ്വന്തം ഉത്തരവാദിത്വത്തിൽ അടയ്ക്കേണ്ടതാണ്. ലൈസൻസി മുറി ഒഴിഞ്ഞതിനുശേഷവും ടിയാൻ അടയ്ക്കാൻ വീഴ്ച വരുത്തിയിട്ടുള്ള കറന്റ് ചർജ്ജ്, വാട്ടർ ചാർജ്ജ്, അധിക ചാർജ്ജ് തുടങ്ങിയവ അടയ്ക്കുന്നതിന് ടിയാന്റെ സ്ഥാവരമോ, ജംഗമമോ ആയ സ്വത്തു വകകളിൽ നിന്നും കൂടാതെ അനന്തരാവകാശിയിൽ നിന്നും ഈടാക്കുവാൻ നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത് സംബന്ധിച്ച് രശീതികൾ നഗരസഭ ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(20) നഗരസഭ ലൈസൻസിക്ക് അനുവദിച്ചിട്ടുള്ള മുറിയിലേക്ക് ലഭ്യമാക്കിയിട്ടുള്ളതിൽ കൂടുതൽ ആവശ്യമായി വരുന്ന വൈദ്യുതി, ടെലഫോൺ, വാട്ടർകണക്ഷൻ മുതലായവ നഗരസഭയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങി ലൈസൻസിയുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്. മുറികളിലെ ഫർണിഷിംഗ് ജോലികൾ ലൈസൻസി സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്. ആയതിന് ടിയാൻ ഒഴിയുമ്പോഴോ ഒഴിപ്പിക്കപ്പെടുമ്പോഴോ അല്ലാതെയോ നഗരസഭയിൽ നിന്നും യാതൊരു നഷ്ടപരിഹാരവും ലഭിക്കുന്നതല്ല. മുറികളുടെ ഫർണിഷിംഗ് പ്രവർത്തനങ്ങൾക്ക് സ്ഥിരസ്വഭാവമുണ്ടായിരിക്കാൻ പാടുള്ളതല്ല.

(21) അനുവദിക്കപ്പെട്ട മുറയിൽ ഘടനാപരമായി യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്താണ്. മുറി കൈവശം വെയ്ക്കുന്ന ആൾ മുറിയുടെ ആളവുകൾക്ക് യാതൊരു മാറ്റവും വരുത്തുവാനോ മുറിയുടെ അളവുകൾ ഭേദപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ രൂപഭേദം വരുത്തുകയോ ചെയ്യുവാനോ പാടുള്ളതല്ല. മുറിയിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഫിറ്റിംഗുകളും മറ്റ് സംവിധാനങ്ങളും കേടുവരുത്തുവാൻ പാടില്ലാത്തും, അവ സൂക്ഷിക്കുന്നതിന് ലൈസൻസി ബാദ്ധ്യസ്ഥരുമായിരിക്കും. കെട്ടിടത്തിനോ മുറികൾക്കോ എന്തെങ്കിലും കേടുപാടുകൾ വരുത്തിയാൽ ആയതിന് ലൈസൻസി ഉത്തരവാദിയാകുന്നതും നഗരസഭ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകേണ്ടതുമാണ്. അനിവാര്യമായ സാഹചര്യത്തിൽ മുറിയുടെ ഉള്ളിലുള്ള വല്ലഭേദഗതികളും ആവശ്യമായി വരികയാണെങ്കിൽ, നഗരസഭാ കൗൺസിലിന്റെ അനുമതി വാങ്ങേണ്ടതും കൗൺസിൽ നിർദ്ദേശിക്കുന്നപക്ഷം മുറി തിരിച്ചേൽപ്പിക്കുന്ന അവസരത്തിൽ അപ്രകാരം വരുത്തിയ മാറ്റം ലൈസൻസി സ്വന്തം ചെലവിൽ പുനഃസ്ഥാപിക്കേണ്ടതുമാണ്.

(22) കടമുറികളുടെ അനുബന്ധമായുള്ള മൂത്രപ്പുരകൾ, വരാന്ത, സ്റ്റേർകേസ് തുടങ്ങിയ പൊതു സ്ഥലങ്ങൾ ബന്ധപ്പെട്ട ലൈസൻസികൾ തന്നെ പരിപാലിക്കേണ്ടതാണ്. ഈ സ്ഥലങ്ങളിൽ സാധനങ്ങൾ സൂക്ഷിക്കുകയോ, കച്ചവടം ചെയ്യുകയോ, മലിനമാക്കുകയോ, മാർഗ്ഗതടസ്സം ഉണ്ടാക്കുകയോ, കേടുപാടുകൾ വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല. പാർക്കിംഗ് ഏരിയയിൽ ലൈസൻസിയുടേതല്ലാത്ത വാഹനങ്ങൾ സ്ഥിരമായി പാർക്ക് ചെയ്യാൻ പാടുള്ളതല്ല. മാലിന്യ സംസ്ക്കരണത്തിന് വേണ്ടി നഗരസഭയുടെ അനുമതിയോടെ നിയമാനുസൃതമുള്ള സംവിധാനം ലൈസൻസി സ്വന്തമായി ഏർപ്പെടുത്തേണ്ടതാണ്.

(23) നഗരസഭാ സെക്രട്ടറിക്കോ, സെക്രട്ടറി ഏർപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കോ, ജോലിക്കാർക്കോ, മുനിസിപ്പൽ കൗൺസിൽ ചുമതലപ്പെടുത്തിയ കമ്മിറ്റികൾക്കോ താഴെ പറയുന്ന സമയങ്ങളിൽ മുറിയിൽ പ്രവേശിച്ച് പരിശോധന നടത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(എ) സൂര്യോദയത്തിനും, സൂര്യാസ്തമനത്തിനും ഇടയ്ക്ക് ഏതെങ്കിലും സമയത്ത്

(ബി) ഏതെങ്കിലും വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും സമയത്ത്

(സി) ഏതെങ്കിലും കുറ്റം ചെയ്യുന്നുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം പകലോ രാത്രിയോ ഏതെങ്കിലും സമയത്ത്.

പരിശോധന സമയത്ത് വല്ല ന്യൂനതകളും കാണുകയാണെങ്കിൽ മുനിസിപ്പാലിറ്റി അധികൃതരിൽ നിന്നും നൽകുന്ന നോട്ടീസിൽ പറയുന്ന കാലപരിധിക്കുള്ളിൽ പരിഹരിച്ച് അറിയിപ്പ് നൽകുവാൻ ലൈസൻസി ബാധ്യസ്ഥനാണ്. അല്ലാത്തപക്ഷം നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(24) മുറികളുടെ ലൈസൻസ് കാലാവധി ഒരു വർഷം അവസാനിക്കുന്നതിന് തൊട്ടുമുമ്പുള്ള സാമ്പത്തികവർഷത്തിന്റെ അവസാനദിനമായിരിക്കും. പ്രസ്തുത കാലാവധി പൂർത്തിയാക്കുമ്പോൾ അതാതുകാലത്തെ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നഗരസഭ തീരുമാനിക്കുന്ന നിബന്ധനകൾക്കും വിധേയമായി ലൈസൻസ് തുക, ഡെപ്പോസിറ്റ് തുക എന്നിവ വർദ്ധിപ്പിച്ചുകൊണ്ടോ, അല്ലാതെയോ, ലൈസൻസ് പുതുക്കുന്നതിനോ വീണ്ടും ടെണ്ടർ/ലേലം ചെയ്യുന്നതിനോ നഗരസഭയ്ക്ക് അവകാശമുണ്ടായിരിക്കും.

(25) നഗരസഭ നിശ്ചയിച്ചിട്ടുള്ളതോ, അംഗീകരിക്കുന്നതോ ആയ ആവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് മുറി അനുവദിക്കുന്നതോ പരമ്പരാഗത ഇറച്ചി, മത്സ്യക്കടകൾ, സ്ഫോടക വസ്തുക്കൾ, മദ്യഷാപ്പുകൾ, ഗ്യാസ് ഗോഡൗണുകൾ എന്നിങ്ങനെ പരാതിക്കിടയാക്കുന്ന ആവശ്യങ്ങൾക്ക് മുറി അനുവദിക്കുന്നതല്ല.

(26) ലൈസൻസ് ഫീസ് യഥാസമയം അടയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 215 (8) (9) (10) വകുപ്പുകൾ പ്രകാരമുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കുന്നതാണ്.

(27) മുറികളുടെ പ്രതിമാസ ലൈസൻസ് ഫീ മുൻകൂറായി അതാത് ഇംഗ്ലീഷ് മാസം അഞ്ചാം തീയതിക്കു മുമ്പോ ടി ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ നഗരസഭാ കാര്യാലയത്തിൽ ഒടുക്കേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 1% നിരക്കിൽ പിഴപലിശ സഹിതം അതാതു മാസാവസാനത്തിന് മുമ്പ് അടച്ചു തീർക്കേണ്ടതാണ്. ആയതിന് വീഴ്ച വരുത്തുന്ന പക്ഷം മുറി മറ്റു നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭാ സെക്രട്ടറിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതുമാണ്. ആയതിനെ ചോദ്യം ചെയ്യുന്നതിനോ നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിനോ ലൈസൻസിക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(28) ലൈസൻസികൾ അതാത് കച്ചവടങ്ങൾക്ക് നിയമാനുസൃതമുള്ള ലൈസൻസുകളും രജിസ്ട്രേഷനുകളും എടുത്തിരിക്കേണ്ടതാണ്. ലൈസൻസികൾ പ്രതിമാസവാടകയ്ക്ക് പുറമെ സർക്കാരിലേക്കും മറ്റും അടയ്ക്കേണ്ട നിയമാനുസൃത നികുതികൾ, ഫീസുകൾ, സർവ്വീസ് ചാർജ്ജുകൾ മുതലായവ അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. അനാരോഗ്യകരവും നിരോധിക്കപ്പെട്ടതുമായ യാതൊരു സാധനങ്ങളും മുറിയിൽ സൂക്ഷിച്ച് വിൽപ്പന നടത്താൻ പാടുള്ളതല്ല.

(29) മുറികൾ അനുവദിക്കുന്ന സമയത്ത് നഗരസഭയുടെ യുക്താനുസരണം പൊതു താൽപ്പര്യം കണക്കിലെടുത്ത് ഏർപ്പെടുത്തുന്ന പുതിയ നിബന്ധനകൾ അംഗീകരിക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്.

(30) സ്ഥാപനത്തിന്റെ മുറിയുടെ മുൻഭാഗത്ത് സ്വന്തം ചിലവിൽ ഒരു സൈൻബോർഡ് സ്ഥാപിക്കാവുന്നതാണ്. എന്നാൽ ഇത് ഏകീകൃത പാറ്റേണിലായിരിക്കണം. അധികമുള്ള ബോർഡുകൾക്ക് നഗരസഭയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതും തറവാടക അടയ്ക്കേണ്ടതുമാണ്.

(31) പരസ്യബോർഡുകൾ നിർദ്ദിഷ്ട സ്ഥാനങ്ങളായ ഷോപ്പുകളുടെ മുന്നിലല്ലാതെ മറ്റിടങ്ങളിലോ, മുറ്റമായ സ്ഥലത്തോ പരിസരത്തോ സ്ഥാപിക്കുവാൻ ലൈസൻസിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല. അഡീഷണൽ പരസ്യബോർഡുകൾ നഗരസഭയുടെ അനുമതിയോടുകൂടിയും നഗരസഭ നിശ്ചയിക്കുന്ന രീതിയിൽ വെക്കാവുന്നതും ആയതിന്റെ ചെലവ് ലൈസൻസി തന്നെ വഹിക്കേണ്ടതുമാണ്.

(32) കൈവശം ലഭിക്കുന്ന മുറിയോ, മുറികളോ മുറികളുടെ ഭാഗങ്ങളോ, കൈമാറ്റം ചെയ്യുന്നതിനോ, കൈവശം കൊടുക്കുന്നതിനോ, ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല. ആവശ്യമില്ലാത്ത പക്ഷം മുറി നഗരസഭയ്ക്ക് തിരിച്ചേൽപ്പിക്കാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്. ഇവിടെ കൈമാറ്റം എന്നതിൽ ലൈസൻസിക്ക് കൈവന്ന അവകാശം ലൈസൻസി ആയി തുടരുമ്പോൾ തന്നെ ലൈസൻസി പാർട്ടണർഷിപ്പ് വഴിയോ മറ്റെന്തെങ്കിലും വിധത്തിലോ കൈമാറ്റം ചെയ്യുകയോ, വിഭജിക്കുകയോ ആയതിന് ഇടവരുത്തുകയോ ചെയ്യുന്നത് കൂടി ഉൾപ്പെട്ടതോ ഉൾപ്പെട്ടതായി കരുതാവുന്നതോ ആണ്. നഗരസഭയുടെ അനുവാദം കൂടാതെ മുറി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ മുറി കൈവശം വെക്കുന്നതിനും കച്ചവടം നടത്തുന്നതിനുമുള്ള അവകാശം റദ്ദാക്കുന്നതും ഡെപ്പോസിറ്റ് തുക നഗരസഭയിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമായിരിക്കും.

(33) തീപിടിത്തം, കൊള്ള, പ്രകൃതിക്ഷോഭം പോലുള്ള മറ്റു പ്രകൃതി ദുരന്തങ്ങൾ, ലഹള തുടങ്ങിയ മുൻകൂട്ടി പ്രവചിക്കുവാൻ കഴിയാത്ത കാരണങ്ങളാൽ ലൈസൻസിക്ക് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ നഗരസഭയ്ക്ക് അതിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

(34) ഈ വ്യവസ്ഥകളിൽ താഴെ പറയുന്ന ഏതെങ്കിലും നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിച്ചാലോ, ചുമതലകൾ ചെയ്യുന്നതിന് വീഴ്ച വരുത്തിയാലോ, നിശ്ചയിക്കപ്പെട്ട പ്രകാരമുള്ള സംഖ്യകൾ, പിഴകൾ മുതലായവ അതാത് സമയത്ത് അടക്കാതിരുന്നാലോ കരാർ ദുർബ്ബലപ്പെടുത്തി ലൈസൻസിയെ ഒഴിപ്പിക്കുന്നതും ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ ബന്ധപ്പെട്ട മുറികൾ വീണ്ടും ലേലം/ടെണ്ടർ ചെയ്ത് ആവശ്യക്കാർക്ക് ഏൽപ്പിച്ച് കൊടുക്കുന്നതും അതിനാലുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലൈസൻസി ഉത്തരവാദിയായിരിക്കുന്നതുമാണ്. എന്നാൽ മുറികൾ ടെണ്ടർ/ലേലം ചെയ്ത് ഏൽപ്പിച്ചു കൊടുക്കുമ്പോൾ വല്ല ആദായവുമുണ്ടായാൽ ആയതിന് പഴയ ലൈസൻസിക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(35) കാഞ്ഞങ്ങാട് നഗരസഭയിലെ ആലാമിപ്പള്ളി ബസ് സ്റ്റാൻഡ് കം-ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടമുറികൾക്ക് ഉള്ള ലൈസൻസ് വ്യവസ്ഥകളാണ് ഇതിലുള്ളത്. ഇത് കച്ചവടം/ഓഫീസ് നടത്തുവാനുള്ള മുറികളാണ്. ഈ കെട്ടിട മുറികളിൽ ലൈസൻസിക്കോ, ജോലിക്കാർക്കോ, ഏജന്റുമാർക്കോ ഒരു നിലക്കും താമസിക്കുവാനോ അർദ്ധരാത്രിക്കുശേഷം പുലർച്ചെ 6 മണി വരെയുള്ള സമയത്തിനിടയ്ക്ക് ലൈസൻസിൽ ഉൾപ്പെട്ട വകകളിലോ പരിസരത്തോ പോക്ക് വരവ് നടത്താനോ പെരുമാറാനോ ലൈസൻസിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും അടിയന്തിരഘട്ടത്തിൽ ഈ സമയത്ത് ഇവിടെ പ്രവേശിക്കണമെന്നുണ്ടെങ്കിൽ നഗരസഭയുടെ മുൻകൂർ അനുവാദം അല്ലെങ്കിൽ നഗരസഭ വക ഏർപ്പെടുത്തിയ രാത്രികാല വാച്ച്മാന്റെ അനുവാദം വാങ്ങേണ്ടതാണ്.

(36) ഈ ഷോപ്പിംഗ് കോംപ്ലക്സ് ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ തീർപ്പു കൽപ്പിക്കുന്നത് നഗരസഭാ പരിധിയിൽ ഉൾപ്പെട്ട ഹോസ്ദുർഗ്ഗ് സബ് കോടതി മുമ്പാകെ മാത്രമായിരിക്കും.

(ഒപ്പ്)

സെക്രട്ടറി,

കാഞ്ഞങ്ങാട് നഗരസഭ.

അനുബന്ധം-1

**നഗരസഭ—അലാമിപ്പള്ളി ബസ് ടെർമിനൽ-കം-കൊമേഴ്സ്യൽ കടമുറികൾ, ഓഫീസ് മുറികൾ മുതലായവയുടെ ബ്ലോക്ക്, നമ്പർ, വിസ്തീർണ്ണം, കുറഞ്ഞ ഡെപ്പോസിറ്റ്, പ്രതിമാസ വാടക, നിരതദ്രവ്യം, സംവരണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ പട്ടിക**

| *Sl. No.* | *Block No.* | *Room No.* | *Size of Room* | *Area-Sq.M* | *Area in Sq.Ft* | *Rate of Rent in Sq.Ft* ₹ | *Rent* ₹ | *Min. Deposit* ₹ | *EMD* ₹ | *Remarks* |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | B | BG1 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-CDS |
| 2 | B | BG2 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-CDS |
| 3 | B | BG3 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 4 | B | BG4 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 5 | B | BG5 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 6 | B | BG6 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 7 | B | BG7 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 8 | B | BG8 | 5×2.6M | 13 | 139.88 | 70 | 9792 | 1500000 | 150000 | Shop-Gen |
| 9 | B | BG9 | 5×3M | 15 | 161.40 | 70 | 11298 | 1500000 | 150000 | Shop-Gen |
| 10 | B | BG10 | 5×3M | 15 | 161.40 | 70 | 11298 | 1500000 | 150000 | Shop-Gen |
| 11 | B | BG11 | 5×3M | 15 | 161.40 | 70 | 11298 | 1500000 | 150000 | Shop-Gen |
| 12 | B | BG12 | 5×3M | 15 | 161.40 | 70 | 11298 | 135576 | 15000 | Shop-PH |
| 13 | B | BG13 | 5×3M | 15 | 161.40 | 70 | 11298 | 135576 | 15000 | Shop-PH |
| 14 | B | BG14 | 5×3M | 15 | 161.40 | 70 | 11298 | 135576 | 15000 | Shop-SC/ST |
| 15 | B | BG15 | 5×3M | 15 | 161.40 | 70 | 11298 | 135576 | 15000 | Shop-SC/ST |
| 16 | B | BG16 | 5×3M | 15 | 161.40 | 70 | 11298 | 135576 | 15000 | Shop-SC/ST |
| 17 | C | CG1 | 6×3M | 18 | 193.68 | 70 | 13558 | 162691 | 17000 | Shop-SC/ST |
| 18 | C | CG2 | 6×3M | 18 | 193.68 | 70 | 13558 | 162691 | 17000 | Shop-PH |
| 19 | C | CG3 | 6×3M | 18 | 193.68 | 70 | 13558 | 162691 | 17000 | Shop-Widow |
| 20 | C | CG4 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 21 | C | CG5 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 22 | C | CG6 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 23 | C | CG7 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 24 | C | CG8 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 25 | C | CG9 | 6×2.7M | 16.2 | 174.31 | 70 | 12202 | 1500000 | 150000 | Shop-Gen |
| 26 | C | CG10 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 27 | C | CG11 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 28 | C | CG12 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 29 | C | CG13 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 30 | C | CG14 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
|---|---|---|---|---|---|---|---|---|---|---|
| 31 | C | DG15 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 32 | D | DG1 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 33 | D | DG2 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 34 | D | DG3 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 35 | D | DG4 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 36 | D | DG5 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 37 | D | DG6 | 6×2.6M | 15.6 | 167.86 | 70 | 11750 | 1500000 | 150000 | Shop-Gen |
| 38 | D | DG7 | 6×3M | 18 | 193.68 | 70 | 13558 | 162692 | 17000 | Co-Op/Semi Govt. |
| 39 | D | DG8 | 6×3M | 18 | 193.68 | 70 | 13558 | 162692 | 17000 | Co-Op/Semi Govt. |
| 40 | D | DG9 | 6×3M | 18 | 193.68 | 70 | 13558 | 162692 | 17000 | Co-Op/Semi Govt. |
| 41 | D | DG10 | 6×3M | 18 | 193.68 | 70 | 13558 | 162692 | 17000 | Co-Op/Semi Govt. |
| 42 | D | DG11 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 43 | D | DG12 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 44 | D | DG13 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 45 | D | DG14 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 46 | D | DG15 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 47 | D | DG16 | 6×2.6M | 15.6 | 167.86 | 70 | 11750 | 1500000 | 150000 | Shop-Gen |
| 48 | D | DG17 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 49 | D | DG18 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 50 | D | DG19 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 51 | D | DG20 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 52 | D | DG21 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 53 | D | DG22 | 6×3M | 18 | 193.68 | 70 | 13558 | 1500000 | 150000 | Shop-Gen |
| 54 | C | CF1 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 55 | C | CF2 | 6×3M | 18 | 193.68 | 60 | 11621 | 139450 | 14000 | Shop-SC/ST |
| 56 | C | CF3 | 6×3M | 18 | 193.68 | 60 | 11621 | 139450 | 14000 | Shop-SC/ST |
| 57 | C | CF4 | 6×3M | 18 | 193.68 | 60 | 11621 | 139450 | 14000 | Shop-SC/ST |
| 58 | C | CF5 | 6×3M | 18 | 193.68 | 60 | 11621 | 139450 | 14000 | Shop-SC/ST |
| 59 | C | CF6 | 6×3M | 18 | 193.68 | 60 | 11621 | 139450 | 14000 | Shop-Widow |
| 60 | C | CF7 | 6×3M | 18 | 193.68 | 60 | 11621 | 139450 | 14000 | Shop-Widow |
| 61 | C | CF8 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 62 | C | CF9 | 6×2.6M | 15.6 | 167.86 | 60 | 10071 | 1000000 | 100000 | Shop-Gen |
| 63 | C | CF10 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 64 | C | CF11 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 65 | C | CF12 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 66 | C | CF13 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 67 | C | CF14 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 68 | C | CF15 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |

| (1) | (2) | (3) | (4) | | (5) | (6) | (7) | (8) | (9) | (10) | (11) |
|---|---|---|---|---|---|---|---|---|---|---|---|
| 69 | D | DF1 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 70 | D | DF2 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 71 | D | DF3 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 72 | D | DF4 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 73 | D | DF5 | 6×2.6M | 15.6 | 167.86 | 60 | 10071 | 1000000 | 100000 | Shop-Gen |
| 74 | D | DF6 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 75 | D | DF7 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 76 | D | DF8 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 77 | D | DF9 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 78 | D | DF10 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 79 | D | DF11 | 6×6M | 36 | 387.36 | 60 | 23242 | 2000000 | 200000 | Shop-Gen |
| 80 | D | DF12 | 6×6M | 36 | 387.36 | 60 | 23242 | 2000000 | 200000 | Shop-Gen |
| 81 | D | DF13 | 6×5.8M | 34.8 | 374.45 | 60 | 22467 | 2000000 | 200000 | Shop-Gen |
| 82 | D | DF14 | 6×3M | 18 | 193.68 | 60 | 11621 | 1000000 | 100000 | Shop-Gen |
| 83 | D | DF15 | 6×6M | 36 | 387.36 | 60 | 23242 | 2000000 | 200000 | Shop-Gen |
| 84 | D | DF16 | 6×6M | 36 | 387.36 | 60 | 23242 | 2000000 | 200000 | Shop-Gen |
| 85 | B | BF1 | 25.3×7.77 M | 196.581 | 2115.21 | 55 | 116337 | 2000000 | 200000 | Office-Hall |
| 86 | B | BF2 | 31.5×6.77M | 213.255 | 2294.62 | 55 | 126204 | 2000000 | 200000 | Office-Hall |
| 87 | B | BS1 | 25.3×7.77M | 196.581 | 2115.21 | 45 | 95185 | 1500000 | 150000 | Dormitary |
| 88 | B | BS2 | 31.5×6.77M | 213.255 | 2294.62 | 45 | 103258 | 1500000 | 150000 | Office-Hall |
| 89 | C | CS1 | 6.35×6M | 38.1 | 409.96 | 45 | 18448 | 1000000 | 100000 | Office-Hall |
| 90 | C | CS2 | 6.35×6M | 38.1 | 409.96 | 45 | 18448 | 1000000 | 100000 | Office-Hall |
| 91 | C | CS3 | 6.35×6M | 38.1 | 409.96 | 45 | 18448 | 1000000 | 100000 | Office-Hall |
| 92 | C | CS4 | 6.35×6M | 38.1 | 409.96 | 45 | 18448 | 1000000 | 100000 | Office-Hall |
| 93 | C | CS5 | 6.35×M | 38.1 | 409.96 | 45 | 18448 | 1000000 | 100000 | Office-Hall |
| 94 | D | DS1 | 6.1×6M | 36.6 | 393.82 | 45 | 17722 | 1000000 | 100000 | Office-Hall |
| 95 | D | DS2 | 9×6M | 54 | 581.04 | 45 | 26147 | 1000000 | 100000 | Office-Hall |
| 96 | D | DS3 | 9×6M | 54 | 581.04 | 45 | 26147 | 1000000 | 100000 | Office-Hall |
| 97 | D | DS4 | 6.1×6M | 36.6 | 393.82 | 45 | 17722 | 1000000 | 100000 | Office-Hall |
| 98 | D | DS5 | 9.3×6M | 55.8 | 600.41 | 45 | 27018 | 1000000 | 100000 | Office-Hall |
| 99 | D | DS6 | 12.2×6M | 73.2 | 787.63 | 45 | 35443 | 1000000 | 100000 | Office-Hall |
| 100 | D | DS7 | 9.4×6M | 56.4 | 606.86 | 45 | 27309 | 1000000 | 100000 | Office-Hall |
| | | | | | Total | 1816945 | 113153419 | | | |